# കേരള സർക്കാർ

## <u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ് - തോട്ടപ്പള്ളി ഫിഷറി ഹാർബറിലെ ഡ്രഡ്ജ് ചെയ്ത് ശേഖരിച്ച മണ്ണിൽ നിന്നും ധാതുമണൽ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡിനു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം./73/2018/മ.ത്സ.വ** തീയതി,തിരുവനന്തപുരം, 31/01/2018

പരാമർശം:- 1 ) സ.ഉ(സാധാ) നം. 348/14/മതുവ തീയതി 16.05.2014.
2 ) സ.ഉ(സാധാ) 657/15/മതുവ നം. തീയതി 10.08.2015
3 ) സ.ഉ(സാധാ)നം. 296/16/മതുവ തീയതി 25.04.2016
4) ശ്രീ. എ.ജെ. ജനാർദ്ദനൻ, ഹെഡ്, ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡിന്റെ 02.06.2017 ലെ CH/MNG/TP Harbour നം. കത്ത്.
5 ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.11.2017 ലെ ഡി3/6605/14/സി.ഇ നം. കത്ത്.

## <u>ഉത്തരവ്</u>

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജ് ചെയ്ത് കൂട്ടിയിട്ടിട്ടുള്ള ധാതുകലർന്ന 46000 ക്യു.മീ. മണ്ണ് പൊതുമേഖലാ സ്ഥാപനമായ IREL ന് ക്യൂബിക് മീറ്ററിന് 556/- രൂപ നിരക്കിൽ അനുവദിച്ച് നൽകി പരാമർശം ( 1 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 72,000/- ക്യു. മീ കരിമണൽ കൂടി വേണമെന്ന് IRELസർക്കാരിനോട് ആവശ്യപ്പെട്ടതനുസരിച്ച് തോട്ടപ്പള്ളി ഫിഷറീസ് ഹാർബറിൽ നിന്നും ഡ്രഡ്ജ് ചെയ്ത 72000 ക്യു.മീ. മണൽ എടുക്കുന്നതിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച വ്യവസ്ഥകൾക്കു വിധേയമായി I R E L ന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം

IREL സ്വന്തം ചെലവിൽ ഡ്രഡ്ജിംഗ് നടത്തി സൂക്ഷിച്ചിട്ടുള്ള 85000 ക്യൂ. മീറ്റർ മണൽ ഡ്രഡ്ജിംഗിന് ഉണ്ടാകുന്ന ചെലവ് കഴിച്ച് ക്യൂ. മീറ്ററിന് 464.55 നിരക്കിന് IREL ന് നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. തുടർന്ന് തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിലെ മണൽ ഉൾപ്പെടെ 1 ലക്ഷം ഘനമീറ്റർ മണ്ണ് ധാതുക്കൾ വേർതിരിച്ച് ഉപയോഗിക്കുന്നതിനായി IREL നു നൽകണമെന്ന് സൂചന (4) പ്രകാരം IREL ആവശ്യപ്പെട്ടുകയുണ്ടായി.

3. ധാതുക്കൾ വേർതിരിക്കുമ്പോൾ ഉണ്ടാകുന്ന മലിനജലം പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായും ഹാർബറിലെ സ്ഥലപരിമിതി മൂലം വേസ്റ്റ് മണൽ ശേഖരിച്ചു സൂക്ഷിക്കുന്നതിനും കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ഹാർബറിൽ നിന്നും സ്പൈറൽ യൂണിറ്റ് ഒഴിവാക്കിയിട്ട് ഡ്രഡ്ജു ചെയ്തു ശേഖരിച്ചിരിക്കുന്ന മുഴുവൻ മണ്ണും കൊണ്ടുപോകുന്നതിന് IREL ന് അനുമതി നൽകാവുന്നതാണെന്നും ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം അറിയിച്ചു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചീഫ് എഞ്ചിനീയറുടെ ശുപാർശയും Mines and Minerals (Development and Regulation) Act 1957 ലെയും Atomic Energy (Working of the Mines, Minerals and Handling of Prescribed Substances) Rules 1984 ലെയും വ്യവസ്ഥകളും കണക്കിലെടുത്ത്, ഹാർബറിൽ നിന്നും സ്പൈറൽ യൂണിറ്റ് ഒഴിവാക്കിയിട്ട് ഡ്രഡ്ജ് ചെയ്തു ശേഖരിച്ചിരിക്കുന്ന മുഴുവൻ മണ്ണും സ്വന്തം ചെലവിൽ

കൊണ്ടുപോകുന്നതിന് (ഡ്രഡ്ജിംഗിന് ഉണ്ടാകുന്ന ചെലവ് കഴിച്ച് ക്യൂബിക് മീറ്ററിന് 464.55 നിരക്കിന് ) IREL, ചവറക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. ടി നടപടിക്രമം സമയബന്ധിതമായി പൂർത്തിയാകുന്നുവെന്ന് ചീഫ് എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED ANZARI
**ജോയിൻറ് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
ദി ഹെഡ്, ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, ചവറ, കൊല്ലം - 691 583.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) , കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ